## സ്ഥാപനത്തിന്റെ നിർവ്വചനത്തിൽ
## സ്കൂൾ ഉൾപ്പെടില്ല: ചുമട്ട് തൊഴിലാളി നിയമം സ്കൂളിന് ബാധകമല്ല

### കേരള ഹൈക്കോടതി

W.P. (C) No. 32677/2018 Dt. 12.10.2018

ജിൽമോൻ ജോൺ

x

ഡിസ്ട്രിക്ട് പോലീസ് ചീഫ്

മഠത്തിൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ മേനേജിങ് പാർട്ട്ണറും പി.ഡബ്ല്യൂ.ഡി. കരാറുകാരനുമാണ് ഹർജിക്കാരൻ. സ്കൂളുകൾ ആധുനികവൽക്കരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഹർജിക്കാരൻ ഏറ്റെടുത്തിരിക്കുകയാണ്. അതനുസരിച്ച് പാലായിലെ സർക്കാർ ഹൈസ്കൂളിൽ പ്രവൃത്തികൾ തുടങ്ങാൻ ശ്രമിച്ചപ്പോൾ ചുമട്ടുതൊഴിലാളികൾ അത് തടയുകയും ജോലിക്കാരെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഹർജിക്കാരൻ പോലീസിന്റെ സഹായമഭ്യർത്ഥിച്ചെങ്കിലും അത് ലഭിച്ചില്ല. തുടർന്ന് പണികൾ നിർത്തിവയ്ക്കാൻ ഹർജിക്കാരൻ നിർബ്ബന്ധിതനായി. കയറ്റിറക്ക് ജോലിക്ക് ഹർജിക്കാരൻ നിയോഗിച്ചത് സ്വന്തം ജോലിക്കാരെയായിരുന്നു. ഹർജിക്കാരന്റെ സ്വന്തം ജോലിക്കാരെ നിയോഗിക്കാനാവില്ലെന്നും പ്രദേശത്തെ കയറ്റിറക്കു ജോലികൾ ചെയ്യാൻ തങ്ങൾക്ക് മാത്രമാണ് അവകാശമെന്നുമാണ് ചുമട്ടുതൊഴിലാളികൾ ഹർജിക്കാരനോട് പറഞ്ഞത്. തുടർന്ന് പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് ഹർജിക്കാരൻ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. പാലാ സർക്കാർ സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതി നിലവിലുണ്ടെന്നും അവിടത്തെ എല്ലാ കയറ്റിറക്ക് ജോലികളും രജിസ്റ്റേഡ് ചുമട്ടുതൊഴിലാളികൾക്ക് മാത്രം അവകാശപ്പെട്ടതാണെന്നും ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് വാദിച്ചു. സ്ഥാപനം എന്നതിന്റെ നിർവ്വചനത്തിൽ സ്കൂൾ ഉൾപ്പെടില്ലെന്നും അതിനാൽ സ്കൂളിനകത്ത് ചെയ്യുന്ന ജോലികൾക്ക് ചുമട്ടുതൊഴിലാളി നിയമം ബാധകമല്ലെന്നും ഹർജിക്കാരൻ വാദിച്ചു. സ്കൂളിനകത്തെ ജോലികൾ ചുമട്ടുതൊഴിലാളി നിയമത്തിന്റെ പരിധിയിൽപ്പെടില്ലെന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. അതിനാൽ സ്കൂളിനകത്തെ ജോലിക്ക് തങ്ങളെത്തന്നെ നിയമിക്കണമെന്ന് ചുമട്ടുതൊഴിലാളികൾക്ക് അവകാശപ്പെടാനാവില്ലെന്ന് ഹൈക്കോടതി വിലയിരുത്തി. ചുമട്ടുതൊഴിലാളികളോ അവരുടെ ആൾക്കാരോ ഹർജിക്കാരൻ പാലാ സർക്കാർ സ്കൂളിൽ നടത്തുന്ന പ്രവൃത്തികളെ തടയരുതെന്ന് ഹൈക്കോടതി ഉത്തരവിട്ടു. ഇതിനു വിരുദ്ധമായി അവർ പ്രവർത്തിച്ചാൽ ആവശ്യമായ സംരക്ഷണം നല്കണമെന്ന് പോലീസിന് ഹൈക്കോടതി കർശന നിർദ്ദേശം നല്കുകയും ചെയ്തു.